# സ്വകാര്യ എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അംഗപരിമിതർക്കുള്ള നിയമനസംവരണം 2016-ലെ നിയമം അനുസരിച്ച് നിജപ്പെടുത്തുകയാണ് വേണ്ടത്

അംഗപരിമിതിയുള്ളവർക്കുള്ള നിയമം 7.2.1996-ൽ നിലവിൽ വന്നപ്പോൾ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളെ അതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ഇക്കൂട്ടർക്കുള്ള ഉദ്യോഗസംവരണം പ്രസ്തുത സ്ഥാപനങ്ങളിൽ നടപ്പാക്കിയിരുന്നില്ല.

1995-ലെ നിയമം പൂർണ്ണമായി റദ്ദ് ചെയ്തുകൊണ്ട് 2016-ൽ പുതിയ നിയമം 19.4.2017 മുതൽ നിലവിൽ വന്നു. അംഗപരിമിതി നിർണ്ണയിക്കുന്നതിന് പഴയ നിയമത്തിലുള്ള മാനദണ്ഡങ്ങൾ മുഴുവൻ മാറ്റിമറിച്ചുകൊണ്ടാണ് പുതിയ നിയമം നിലവിൽ വന്നത്. അതിനാൽ പഴയ നിയമപ്രകാരം ആനുകൂല്യങ്ങൾക്ക് അർഹരായവർ പുതിയ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നുമില്ല.

അതേസമയം, സർക്കാർ യാതൊരു ആലോചനയും കൂടാതെ, 1995-ലേയും, 2016-ലേയും നിയമം അനുസരിച്ച് നികത്താതിരുന്ന മുഴുവൻ ഒഴിവുകളും അംഗപരിമിതിയുള്ളവർക്ക് നൽകണമെന്ന് 18.11.2018-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾ ടി നിയമത്തിന്റെ നിർവ്വചനത്തിൽ വരികയില്ല എന്ന വാദം ഉന്നയിച്ചുകൊണ്ടാണ് പ്രസ്തുത സർക്കാർഉത്തരവിനെ കോടതിയിൽ എൻ.എസ്.എസ്. ചോദ്യം ചെയ്തത്. എന്നാൽ 2016-ലെ നിയമത്തിന്റെ പരിധിയിൽ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉൾപ്പെടും എന്നാണ് ഹൈക്കോടതി കണ്ടെത്തിയത്. ആ വിധിക്കെതിരെ എൻ.എസ്.എസ്. ബഹു: സുപ്രീംകോടതിയെ സമീപിച്ചപ്പോൾ സർക്കാർഉത്തരവിന്റെ പോരായ്മയായി ചൂണ്ടിക്കാണിച്ചത് 1995-ലെ നിയമപ്രകാരമുള്ള പിൽക്കാല ഒഴിവുകൾ കണ്ടെത്താൻ കഴിയില്ല എന്നുള്ളതാണ്. 1995-ലെ നിയമപ്രകാരമുള്ള പിൽക്കാല ഒഴിവുകൾ നിർണ്ണയിക്കുവാനോ, കണ്ടെത്തുവാനോ കഴിയാത്ത സാഹചര്യം ബോധ്യപ്പെടുത്തി പ്രസ്തുത ഉത്തരവിലെ അപര്യാപ്തത പരിഹരിക്കുവാൻ വേണ്ടി സർക്കാരിനെ സമീപിക്കുവാനാണ് ബഹു: സുപ്രീംകോടതി നിർദ്ദേശം നൽകിയത്.

ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എൻ.എസ്.എസ്. കേരളസർക്കാരിനെ സമീപിച്ച്, 1995-ലെ പഴയനിയമപ്രകാരമുള്ള പിൽക്കാല ഒഴിവുകൾ നികത്തപ്പെടാനുള്ള ബാധ്യതയിൽ നിന്നും സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി.

എന്നാൽ സർക്കാർ ടി നിവേദനത്തിൽ തീരുമാനം എടുക്കാത്ത സാഹചര്യത്തിൽ എൻ.എസ്.എസ്. വീണ്ടും ഹൈക്കോടതിയെ സമീപിച്ചു. അതിൻപ്രകാരം പഴയ നിയമം പൂർണ്ണമായും റദ്ദ് ചെയ്ത് 2016-ലെ പുതിയ നിയമം നിലവിൽ വന്നതിനുശേഷം പഴയ നിയമപ്രകാരമുള്ള ഒഴിവുകൾ നികത്തണമെന്ന് പറയുന്നതിലുള്ള അസ്വാഭാവികതയും, പുതിയ ഒഴിവുകൾ മുഴുവനും അംഗപരിമിതർക്ക് മാത്രമായി നിജപ്പെടുത്തുന്നത് സർവ്വീസിന്റെ കാര്യക്ഷമതയെ ബാധിക്കുമെന്നുള്ള കാര്യവും കണക്കിലെടുത്ത് എൻ.എസ്.എസ്.ന്റെ നിവേദനത്തിൽ സമയബന്ധിതമായി തീരുമാനം എടുക്കണമെന്ന് കോടതി സർക്കാരിനോട് ആവശ്യപ്പെട്ടു.

പഴയ നിയമപ്രകാരമുള്ള ഒഴിവുകൾ നികത്താൻ കഴിയാത്ത നിയമപരവും, വസ്തുതാപരവുമായ സാഹചര്യം സർക്കാരിന്റെ മുന്നിൽ എൻ.എസ്.എസ്. വ്യക്തമാക്കുകയുമുണ്ടായി.

ആയതിനാൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ച് എത്രയും വേഗം സർക്കാർ ഇക്കാര്യത്തിൽ തീരുമാനം എടുക്കണമെന്നും, പുതിയ നിയമം നിലവിൽ വന്ന 19.4.2017 മുതലുള്ള ഒഴിവുകൾ കണക്കാക്കി മാത്രം അംഗപരിമിതർക്കായുള്ള നിയമനസംവരണം നിജപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് എൻ.എസ്.എസ്. പൊതുവിദ്യാഭ്യാസവകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിച്ചിരിക്കുകയാണ്.